

എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

1 ഒക്ടോബർ 2019
വാല്യം 51 ലക്കം 10 വില 25.00

ഡയറക്ടർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നാളന്ദ, തിരുവനന്തപുരം 695 003
ഡയറക്ടർ : 0471 2316306
എഡിറ്റർ : 9895062972
editorvijnanakairali@gmail.com
casokan65@gmail.com
www.keralabhashainstitute.org

സംസ്കാര :0471-2331581

പ്രാദേശിക കേന്ദ്രം
കോഴിക്കോട്: 0495-2366124

ചീഫ് എഡിറ്റർ
പ്രൊഫ.വി. കാർത്തികേയൻ നായർ

എഡിറ്റർ
സി. അശോകൻ

പത്രാധിപസമിതി
ഡോ. ഷിബു ശ്രീധർ
എൻ. ജയകൃഷ്ണൻ
ഡോ. ബിജു ബാലകൃഷ്ണൻ
എൻ. എസ്. അരുൺ കുമാർ
ഡോ. ഗംഗ റ്റി.
റാഫി പൂക്കോം
അനുപമ. ജെ

സർക്കുലേഷൻ മാനേജർ
എസ്. സുബ്രഹ്മണ്യം
9387800539

ടൈപ്സെറ്റ് & ലേ ഔട്ട്
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14

കവർ ഡിസൈൻ
നാരായണ ഭട്ടതിരി

സ്റ്റേറ്റ് പ്രൊമോട്ടർ
മടന്തകോട് രാധാകൃഷ്ണൻ
9497755727

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായി കൊള്ളണമെന്നില്ല. ലേഖകർ പൂർണവിലാസവും ഇ - മെയിലും ഫോൺ നമ്പരും ഒപ്പം ചേർക്കുവാൻ താൽപ്പര്യപ്പെടുന്നു.

– എഡിറ്റർ

**12 സീതാവിചാരങ്ങൾ : കാഞ്ചനസീതയും ചിന്താവിഷ്ടയായ സീതയും**
**ഡോ. വി. മോഹനകൃഷ്ണൻ**



**52 റീജന്റ് റാണിയുടെ ഭാഗ്യ നിർഭാഗ്യങ്ങൾ**
**ഡോ. എം.ജി. ശശിഭൂഷൺ**



**58 ചന്ദ്രയാൻ ദൗത്യങ്ങളും വിജയപരാജയ ചിന്തകളും**
**ഡോ. സി. ജി. രാമചന്ദ്രൻ നായർ**



06 മലയാളകഥയും നവോത്ഥാനവും
**സാബു കോട്ടുക്കൽ**

17 കമാന്നൊരക്ഷരം
**പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ**

18 കാവാലവും അരങ്ങിന്റെ കലയും
**ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ**

26 ഗാന്ധിജി നമ്മോടു പറയുന്നത്
**പ്രൊഫ. വി. കാർത്തികേയൻ നായർ**

34 മലയാളത്തിലെ ജനപ്രിയഹാസ്യ ചലച്ചിത്രഗാനങ്ങൾ ഒരു അന്വേഷണം
**ബാബുരാജ് കെ.**

41 ഭാഷാപരിണാമം - എം ഗോവിന്ദന്റെ കവിതകളിൽ
**ജെസ്സി അലക്സാണ്ടർ**

44 പാണ്ഡവപുരത്തിന്റെ വായനാവഴികൾ
**ഡോ. പ്രിയാവർഗീസ്**

60 ഫെമ്റ്റോ രസതന്ത്രം: തന്മാത്രകളുടെ ജനനമരണ കാഴ്ച ഒരുക്കുന്ന ലേസർ ഒടിയൻ വിദ്യ
**വി.പി.എൻ. നമ്പൂതിരി**

67 പുതുകവിതയുടെ സൗന്ദര്യശാസ്ത്രം
**ഡോ. ബിന്ദു സചിവോത്തമപുരം**

70 കുരുമുളകിന്റെ ജന്മസ്ഥലം പശ്ചിമഘട്ടം
**എൻ. എസ്. അരുൺകുമാർ**

72 ഉന്നത വിദ്യാഭ്യാസം എന്ത്? എപ്പോൾ? എവിടെ?
**അതിയ കെ.പി.**

74 അപ്രത്യക്ഷമാകുന്ന തണ്ണീർത്തടങ്ങൾ
**ഡോ. ഗംഗ റ്റി.**

78 കാവാരികുളം കണ്ടൻകുമാരനും കേരള നവോത്ഥാനവും
**റാഫി പൂക്കോം**

81 പുസ്തക പരിചയം

**പത്രാധിപക്കുറിപ്പ്**

# വിദ്യാർഥികളോട്

വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിലന്വേഷിക്കുന്നവരിൽ ഭൂരിപക്ഷവും പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകളെഴുതാനാണ് തയാറെടുക്കുന്നത്. അവിടെ പരീക്ഷയെഴുതുന്നവരിൽ ഭൂരിപക്ഷവും ഹയർ സെക്കൻഡറിയും ആർട്സ് ആൻഡ് സയൻസ് കോളെജുകളിൽ നിന്ന് ബിരുദവും ബിരുദാനന്തരബിരുദവും പഠിച്ചിറങ്ങുന്നവരാണ്. പ്രൊഫഷണൽ കോളെജുകളിൽ നിന്നും പഠിച്ചിറങ്ങുന്നവരിൽ ഭൂരിപക്ഷവും കേരളത്തിനുപുറത്തോ ഇന്ത്യക്കു പുറത്തോ തൊഴിലന്വേഷിക്കുന്നവരായിരിക്കും. അവരുടെ സേവനം കേരളത്തിനു ലഭിക്കുന്നില്ല. അവരെ വിദഗ്ധരാക്കാൻ വേണ്ടി രക്ഷിതാക്കളും സർക്കാരും ചെലവാക്കിയ തുക കേരളത്തിന്റേതാണെങ്കിലും അത് കേരളത്തിന് ഭൗതികമായ നേട്ടങ്ങളൊന്നും ഉണ്ടാക്കിത്തരുന്നില്ല. പൊതുരംഗത്തായാലും ഭരണരംഗത്തായാലും നിറഞ്ഞു നിൽക്കുന്നത് ആർട്സ് ആൻഡ് സയൻസ് കോളെജുകളിൽ നിന്നും പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നവരാണ്. കേരളത്തിന്റെ നിലവാരമെന്നു പറയുന്നത് അവരുൽപ്പാദിപ്പിക്കുന്ന നിലവാരമാണ്. അവരുൽപ്പാദിപ്പിക്കുന്ന മൂല്യബോധവും ധാർമികതയുമാണ് കേരളത്തെ സാർവദേശീയ ശ്രദ്ധയാകർഷിക്കാൻ പര്യാപ്തമാക്കിയത്.

എന്നാൽ അവർ പഠിച്ചിരുന്ന കലാലയങ്ങളും അവയെ നിയന്ത്രിച്ചിരുന്ന സർവകലാശാലകളും അവ തയാറാക്കുന്ന പാഠ്യപദ്ധതിയും പാഠ്യക്രമവും (curriculum and syllabus) എല്ലാം ഇപ്പോഴും കൊളോണിയൽ മൂശയിലുള്ളതാണ്. സർവകലാശാല സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, ഫാക്കൽറ്റി, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവകളെല്ലാം തന്നെ ഉള്ളടക്കത്തിൽ 1904-ലെ കൽക്കട്ടാ സർവകലാശാല നിയമത്തിന്റെ അനുകരണങ്ങളാണ്. സർവോപരി അധ്യയനമാധ്യമം ഇപ്പോഴും ഇംഗ്ലീഷാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം പതിറ്റാണ്ടുകൾ ഏഴുകഴിഞ്ഞെങ്കിലും കൊളോണിയൽ സ്വാധീനത്തിൽ നിന്നു മോചിതമാകാൻ നമ്മുടെ സർവകലാശാലകൾക്കായിട്ടില്ല.

ബ്രിട്ടീഷുകാർ ഇന്ത്യയെ കീഴ്പ്പെടുത്തി അധീശത്വം സ്ഥാപിച്ചത് സൈനികാക്രമണത്തിലൂടെ മാത്രമല്ല. ബ്രിട്ടീഷുകാർക്കെതിരെ നടന്ന സംഘടിതമായ സൈനികപോരാട്ടം 1857-ൽ അവസാനിച്ചു. അതായത് ബ്രിട്ടൻ 1857-നുശേഷം ഇന്ത്യയിൽ സൈനികാക്രമണം നടത്തിയിട്ടില്ല. എന്നാൽ മഹാഭൂരിപക്ഷം ജനങ്ങളെയും ബ്രിട്ടീഷ് ഭരണത്തോട് വിധേയമുള്ളവരാക്കാൻ അവർക്കു കഴിഞ്ഞു. അതിനുള്ള പ്രധാന ഉപകരണമായി അവർ വികസിപ്പിച്ചത് ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തെയായിരുന്നു. ആ വിദ്യാഭ്യാസം ഉൽപ്പാദിപ്പിച്ച ബുദ്ധിജീവികളായിരുന്നു കൊളോണിയൽ സംസ്കാരത്തെ ഇന്ത്യയിൽ പ്രചരിപ്പിച്ചത്. ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരിൽ മഹാത്മാഗാന്ധി ഒഴികെ മറ്റെല്ലാവരും കൊളോണിയൽ സംസ്കാരം വിനിമയം ചെയ്തിരുന്ന സ്ഥാപനങ്ങളെ നിലനിർത്താനാണ് യത്നിച്ചത്. അതുകൊണ്ടാണ് സർവകലാശാലകളും കോടതികളും നീതിന്യായവ്യവസ്ഥയും ശ്രേണീബദ്ധമായ ഉദ്യോഗസ്ഥവൃന്ദവും പാർലമെന്റും നിയമസഭകളും വരെ ഇപ്പോഴും ഘടനാപരം മാത്രമല്ല ഉള്ളടക്കത്തിലും കാര്യമായ മാറ്റമൊന്നും വരാതെ തുടരുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസം വ്യാപകമാകുന്നത് സംസ്ഥാനരൂപീകരണത്തിന് ശേഷമാണ്. അന്നേവരെ നഗരകേന്ദ്രിതമായിരുന്ന കോളെജുകൾ 1964-65 കാലം മുതൽ പഞ്ചായത്ത് തലത്തിലേക്ക് ഇറങ്ങിച്ചെന്നു. അതായത് കൊളോണിയൽ വിദ്യാഭ്യാസത്തേയും അത് ഉൽപ്പാദിപ്പിച്ച സംസ്കാരത്തേയും നാട്ടിൻപുറങ്ങളിലെത്തിക്കാൻ വിദ്യാഭ്യാസവ്യാപനത്തിലൂടെ സാധിച്ചു. കൊളോണിയൽ വിദ്യാഭ്യാസം തുടങ്ങിവച്ച ഇംഗ്ലീഷ് ഭാഷക്കുള്ള ഒന്നാംസ്ഥാനം ഇപ്പോഴും തുടരുന്നു. അധ്യയനമാധ്യമം ഇപ്പോഴും ഇംഗ്ലീഷു തന്നെയാണ്.

കേരളത്തിൽ അയ്യങ്കാളിയും അഖിലേന്ത്യാതലത്തിൽ മഹാത്മജിയും ആവശ്യപ്പെട്ടത് അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണമെന്നായിരുന്നു. കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിനെയും അതിലൂടെ അടിച്ചേൽപ്പിച്ച സാംസ്കാരികമായ അധീശത്വത്തെയും പ്രതിരോധിക്കുന്നതിന് മാതൃഭാഷയെ മുൻനിർത്തിയുള്ള സമരമാണ് ആവശ്യമെന്ന് ഗാന്ധിജിക്കറി

യാമായിരുന്നു. ആ സന്ദേശമുൾക്കൊണ്ടാണ് ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷമാണെങ്കിൽപ്പോലും കിഴക്കൻ പാകിസ്ഥാനിലെ ധാക്കാ സർവകലാശാലയിലെ വിദ്യാർഥികൾ ബംഗാളിഭാഷകൂടി പഠിക്കാനുള്ള അവകാശത്തിനുവേണ്ടി സമരം ചെയ്തത്. സമരത്തെ പട്ടാളം അടിച്ചമർത്തുകയും വെടിവയ്പിൽ നാലുവിദ്യാർഥികൾ രക്തസാക്ഷികളാവുകയും ചെയ്തു. അത് 1952 ഫെബ്രുവരി 21-നായിരുന്നു. ആ ദിനമാണ് ഐക്യരാഷ്ട്രസഭ ലോകമാതൃഭാഷാദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരിക്കുന്നത്. മാതൃഭാഷാപഠനം മൗലികാവകാശമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

കേരളത്തിലെ വിദ്യാർഥികൾക്ക് തീക്ഷ്ണമായ ഒരു സമരപാരമ്പര്യമുണ്ട്. അത് വിദ്യാഭ്യാസരംഗത്തെ ജനാധിപത്യവൽക്കരണത്തിനുവേണ്ടിയായിരുന്നു. സർവകലാശാലാസമിതികളിൽ വിദ്യാർഥികൾക്കു പ്രവേശനം നൽകുന്ന ആദ്യത്തെ സംസ്ഥാനം കേരളമായിരുന്നു. കോളെജുകളുടെയും സർവകലാശാലകളുടെയും ഭരണം ജനാധിപത്യവൽക്കരിക്കുന്നതിനുവേണ്ടി മാത്രമല്ല വിദ്യാർഥികൾക്കു ലഭിക്കേണ്ട അവകാശങ്ങൾക്കുവേണ്ടിയും പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. എന്നാൽ അധ്യയനമാധ്യമം മാതൃഭാഷയിലൂടെയാക്കണം എന്ന ഒരാവശ്യമുന്നയിച്ചുകൊണ്ട് പ്രക്ഷോഭം നടത്തിയതായി അറിവില്ല.

സർവകലാശാലാ ഭരണത്തിൽ പരിമിതമായ തോതിൽ വിദ്യാർഥികൾക്ക് പങ്കാളിത്തമുണ്ട്. ജനാധിപത്യവേദികളായ കോളെജ് യൂണിയനുകളും സർവകലാശാലാ യൂണിയനുകളും വിദ്യാർഥികളാണ് നിയന്ത്രിക്കുന്നത്. എന്നാൽ പാഠ്യപദ്ധതി രൂപീകരണത്തിൽ വിദ്യാർഥികൾ ഇടപെടാറില്ല. ഓരോ വിഷയത്തിന്റെയും വൈവിധ്യത്തെക്കുറിച്ച് വിദ്യാർഥികൾക്കറിയില്ല. അത് പഠിക്കുന്നതിനു വേണ്ടിയാണല്ലോ അവർ വിദ്യാർഥികളാകുന്നത്. എന്നാൽ എന്തുകൊണ്ട് അധ്യയനമാധ്യമം മാതൃഭാഷയിലൂടെയാകണമെന്ന് അവർ ആവശ്യപ്പെടുന്നില്ല. കിഴക്കൻ ബംഗാളിലെ വിദ്യാർഥികൾ രക്തസാക്ഷികളായത് അതിനുവേണ്ടിയായിരുന്നുവല്ലോ.

പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്കുള്ള ചോദ്യക്കടലാസ് മലയാളത്തിൽ വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് സമരത്തിനു പുറപ്പെട്ടത് വിദ്യാർഥിപ്രസ്ഥാനങ്ങളായിരുന്നില്ല. ഇംഗ്ലീഷ് മാധ്യമത്തിലൂടെ പഠനം പൂർത്തിയാക്കിയവർ അതേവിഷയത്തിലുൾപ്പെടെയുള്ള വിജ്ഞാനത്തിന്റെ നിലവാരം അളക്കുന്നതിനുള്ള പരീക്ഷകൾ മലയാളത്തിലാക്കണം എന്നു പറയുന്നതിലെ യുക്തി എന്താണ്? പബ്ലിക് സർവീസ് കമ്മീഷന് വിവിധവിഷയങ്ങളിൽ ചോദ്യങ്ങളുണ്ടാക്കാനുള്ള പണ്ഡിതന്മാരെ കിട്ടാത്തതിന്റെ പ്രശ്നമുണ്ടായിരിക്കാം. എന്നാൽ ഈ പ്രശ്നത്തിന്റെ കാതലായ വശമെന്നു പറയുന്നത് സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ മാധ്യമം മലയാളമായിട്ടില്ല എന്നുള്ളതാണ്. മലയാള മാധ്യമത്തിൽ പഠിച്ച് ബിരുദമെടുത്ത് പുറത്തിറങ്ങുന്നവർക്ക് പി.എസ്.സി പരീക്ഷയെഴുതാൻ ഒരു പ്രയാസവും നേരിടുകയില്ല. ഒന്നാം ഭാഷയായി ഇംഗ്ലീഷ് പഠിക്കുന്നതുകൊണ്ട് ആ ഭാഷയും നന്നായി കൈകാര്യം ചെയ്യാൻ വൈഷമ്യമുണ്ടാവുകയില്ല.

സാംസ്കാരികാധിനിവേശത്തിന്റെ ഉപകരണമായിരുന്ന ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള അധ്യയനത്തിനു ബദൽ എന്നു പറയുന്നത് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസമാണ്. അത് അപകോളനീകരണത്തിന്റെ ഏറ്റവും ശക്തമായ ചുവടുവയ്പാണ്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണമെന്നു പറയുന്നത് കേവലം ബാഹ്യമായ ഘടനയുടെ ജനാധിപത്യവൽക്കരണം മാത്രമല്ല. ഉള്ളടക്കത്തിന്റെ ജനാധിപത്യവൽക്കരണം സുപ്രധാനമാണ്. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം വിദ്യാർഥികളുടെ മൗലികാവകാശമാണ്. മാതൃഭാഷയിലൂടെ ചോദ്യക്കടലാസിനു വേണ്ടിയുള്ള സമരം തുടങ്ങേണ്ടത് സർവകലാശാലകളുടെ അങ്കണങ്ങളിൽ നിന്നുമാവണം. മുദ്രാവാക്യങ്ങളുടെ ഭേരീനാദം ഉയർന്നുപൊങ്ങേണ്ടത് മാതൃഭാഷക്കുവേണ്ടിയായിരിക്കണം. ഇത് ഭാഷാപരമായ മൗലികവാദമല്ല. മാതൃഭാഷാവിദ്യാഭ്യാസം മൗലികാവകാശമാണെന്ന തത്വം അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടിയാണ്. ഏകഭാഷ, ഏകസംസ്കാരം, ഏകമതം എന്നൊക്കെയുള്ള ഫാഷിസ്റ്റ് തത്വശാസ്ത്രത്തിനുള്ള ബദലാണ് മാതൃഭാഷകളും ബഹുസ്വരതയും മതനിരപേക്ഷതയും.

**ചീഫ് എഡിറ്റർ**